(ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി ശുചിത്വത്തിന് സർക്കാർ അനുവദിച്ച തുക പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി പ്രോജക്ട് നിർവ്വഹണത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശുചിത്വമിഷന് നൽകിയ 15,032.00 ലക്ഷം രൂപയിൽ 14,417.12 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

## നാട്ടിക, തളിക്കുളം പഞ്ചായത്ത്- പുര പദ്ധതി

**248 (1620)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേന്ദ്ര സർക്കാർ ധനസഹായത്തോടെ നാട്ടിക മണ്ഡലത്തിലെ തളിക്കുളം പഞ്ചായത്തിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പുര പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന് കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തളിക്കുളത്ത് പുര പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

**249 (T1621)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും രൂപീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly